# അകം

# സ്കൂൾകുട്ടികളുടെ ബുള്ളറ്റിൻ

കൂറ്റനാടിനടുത്തുള്ള വട്ടേനാട്ടിലെ ഗവ. വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിലെ കുട്ടികളുടെ പ്രസിദ്ധീകരണമാണ് 'അകം'. വി.എച്ച്.എസ്.ഇ. വിദ്യാർത്ഥിയായ പ്രശാന്ത്, ഹൈസ്കൂൾ വിദ്യാർത്ഥികളായ മഞ്ജു, രഞ്ജിത്, അരുൺകൃഷ്ണൻ, ഉമ എന്നിവരാണ് 'അക'ത്തിൻെറ പത്രാധിപസമിതിയംഗങ്ങൾ.

'അകം' ഇപ്പോൾ മൂന്നു ലക്കങ്ങൾ ഭംഗിയായി അവതരിപ്പിച്ചുകഴിഞ്ഞ്, നാലാം ലക്കത്തിൻെറ പണിപ്പുരയിലാണ്. ആഗസ്റ്റിൽ സ്വാതന്ത്ര്യദിനപ്പതിപ്പ്, ഒക്ടോബറിൽ ഗാന്ധിജയന്തിപ്പതിപ്പ്, നവംബറിൽ ശിശുദിനപ്പതിപ്പ് എന്നിങ്ങനെയാണ് മൂന്നു ബുള്ളറ്റിനുകൾ തയ്യാറാക്കിയിരിക്കുന്നത്. അടുത്തത് ജനുവരിയിലിറങ്ങുന്ന പുതുവർഷപ്പതിപ്പാണ്. ഫെബ്രുവരിയിൽ വാർഷികപ്പതിപ്പും ഉണ്ടാകും.




'അക'ത്തിലെ എഴുത്തുകാർ മുഴുവനും വട്ടേനാട് ഗവ. സ്കൂളിലെ കുട്ടികളാണ്. അച്ചടിത്താളുകളിൽ നിന്ന് മുതിർന്നവർ ഒഴിഞ്ഞുനിൽക്കുന്നു - അതാണ് 'അക'ത്തിൻെറ നന്മയും ഉന്മേഷവും.

“ഒരിടത്ത് ഒരു മണിയൻപൂച്ച ഉണ്ടായിരുന്നു. മണിയൻ ഒരു ദിവസം മൈതാനത്തിലൂടെ നടന്നുപോവുകയായിരുന്നു...............” ഗാന്ധിജയന്തിപ്പതിപ്പിൽ പ്രതിഭ എന്ന ഏഴാം ക്ലാസ്സുകാരി എഴുതുന്ന നാടോടിക്കഥ തുടങ്ങുകയാണ്. ഈ രണ്ടു വരി വായിച്ചശേഷം മണിയന് എന്തു സംഭവിക്കാനാണ് സാദ്ധ്യതയുള്ളതെന്ന് വായനക്കാർ എത്ര ആലോചിച്ചാലും മനസ്സിൽ വരാത്ത ഒരു സംഗതിയാണ് അടുത്ത വരിയിൽ സംഭവിക്കുന്നത്..........“പെട്ടെന്ന് അതിന് പ്രസവവേദന വന്നു...” മണിയൻ എന്ന പേര് ഒരു പെൺപൂച്ചയ്ക്ക് യോജിക്കില്ലല്ലോ എന്നു പറഞ്ഞ് ഒരു പത്രാധിപരും പേനയെടുത്ത് മണിയാക്കി മാറ്റാൻ തുനിഞ്ഞില്ല. അതാണ് അകത്തിൻെറ നിഷ്കളങ്കത.

അങ്ങിനെ മണിയൻപൂച്ച വെറ്റിലച്ചെവിയനേയും അടയ്ക്കാകാലനേയും പൊകലവാലനേയും പ്രസവിച്ചു എന്ന് പ്രതിഭ എഴുതുന്നു. പക്ഷെ, അക്കൂട്ടത്തിൽ പേരുപറയാത്ത ഒരു ചുണ്ണാമ്പുകണ്ണൻെറ കാര്യം പിന്നീട് കഥയിൽ പറയുന്നുണ്ട്. അവിടെ പത്രാധിപസമിതി ശ്രദ്ധിക്കേണ്ടതല്ലായിരുന്നോ? ചുണ്ണാമ്പുകണ്ണനെ പ്രസവിച്ച കാര്യം കൂടി ആദ്യം ചേർക്കേണ്ടതായിരുന്നു. അഥവാ പ്രതിഭ അക്കാര്യം വിട്ടാലും പത്രാധിപരത് വിടരുത്.

വിരുന്നുവന്ന അപ്പൂപ്പൻ ഓരോ പൂച്ചക്കുട്ടികളെയായി വിഴുങ്ങുന്നു. “എന്താ ഒരു ശബ്ദം” മണിയൻ ചോദിച്ചു. “ഒന്നുമില്ല, ഞാൻ കിടക്ക ചമച്ചതാ” വൃദ്ധൻ പറഞ്ഞു. പിന്നീടുള്ള ചോദ്യങ്ങൾക്കും അപ്പൂപ്പൻ ഓരോന്നും പറഞ്ഞ് ഒഴിഞ്ഞുമാറി എന്നാണ് പ്രതിഭ എഴുതുന്നത്. അങ്ങിനെ പറഞ്ഞ് ഒഴിഞ്ഞുമാറിയത് പ്രതിഭയുടെ കുറുമ്പ്. കുട്ടികൾക്കുള്ള കഥകൾ ഒന്നും വിട്ടുകളയാതെ, വിശദമായി വിവരിക്കുന്നവയാകേണ്ടേ? മണിയൻെറ ഓരോ ചോദ്യവും അതിന് വൃദ്ധൻെറ സന്ദർഭോചിതമായ മറുപടിയും കൂടിയാകുമ്പോഴാണ് കഥ മുഴുവൻ ഉണർവ്വും നേടുന്നത്. പെട്ടെന്ന് കഥ തീർക്കാനുള്ള തിരക്കുകൊണ്ടോ സ്ഥലം കൂടുതൽ എടുക്കേണ്ടിവരുമല്ലോ എന്ന ഔദ്യം കൊണ്ടോ അതോ മണിപ്പൂച്ചയുടെ ചോദ്യങ്ങളും വൃദ്ധൻ നൽകിയ ഉത്തരങ്ങളും പ്രതിഭയ്ക്ക് അറിയാത്തതുകൊണ്ടോ - എന്തുകൊണ്ടോ, മണിയടിക്കുമ്പോൾ 'ഠ'പ്പോന്ന് കളിനിർത്തി ക്ലാസ്സിലേക്കോടിക്കയറുന്ന സ്വഭാവം പ്രതിഭ കഥയിലും കാണിച്ചു.

ഇത്തരം കുസൃതികളുടെ രചനകളാൽ നിറഞ്ഞ 'അകം' ദീർഘായുസ്സായിരിക്കട്ടെ, ആരോഗ്യത്തോടയിരിക്കട്ടേ എന്നാശംസിക്കുന്നു.

പത്രാധിപർ, കേരളീയം